(സി) ഓരോ വർഷത്തേയും സ്ഥാപിതശേഷി താഴെപ്പറയും വിധം ആയിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വർഷം	സ്താപിതശേഷി
2000-2001	2625.63 മെഗാ വാട്ട്
2001-2002	2864.86 മെഗാ വാട്ട്
2002-2003	3073.88 മെഗാ വാട്ട്
2003-2004	3386.88 മെഗാ വാട്ട്
2004-2005	3436.88 മെഗാ വാട്ട്

(ഡി) ഇതിൽ താപവൈദ്യുതിയും ജലവൈദ്യുതിയും താഴെ പറയുന്ന ശേഷിയിൽ ലഭ്യമാകുമെന്നാണ് കരുതുന്നത്.

വർഷം	താപവൈദ്യുതി	ജലവൈദ്യുതി	കാറ്റിൽ നിന്നുമുള്ള വൈദ്യുതി
2000-2001	866.6 മെഗാ വാട്ട്	1757 മെ.വാ.	2.03 മെ.വാ.
2001-2002	1016.6 മെഗാ വാട്ട്	1846.25 മെ.വാ.	2.03 മെ.വാ.
2002-2003	1166.6 മെഗാ വാട്ട്	1905.25 മെ.വാ.	2.03 മെ.വാ.
2003-2004	1379.6 മെഗാ വാട്ട്	2005.25 മെ.വാ.	2.03 മെ.വാ.
2004-2005	1379.6 മെഗാ വാട്ട്	2055.25 മെ.വാ.	2.03 മെ.വാ.

വൈദ്യുതി ബോർഡിൽ പഞ്ചിംഗ് സമ്പ്രദായം

97 (2675) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ എന്നു മുതൽ, ഏതൊക്കെ ആഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വൈദ്യുതി ബോർഡിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതു സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ

98 (2676) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള ഏതെങ്കിലും പദ്ധതികളുടെ ഉല്പാദനശേഷി വർദ്ധിപ്പിച്ച് അധികമായി വൈദ്യുതി ഉല്പാദിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഏതൊക്കെ പദ്ധതിയിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതിയാണ് അധികമായി ഉല്പാദിപ്പിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) ഉല്പാദനശേഷി പൂർണ്ണമായി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന ജലവൈദ്യുത പദ്ധതികളായ പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നിവ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

വൈദ്യുതി ബോർഡിനു കിട്ടിയ റവന്യൂ വരുമാനം

99 (2677) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിലെ ഓരോ മാസവും സംസ്ഥാന വൈദ്യുതി ബോർഡിനു കിട്ടിയ റവന്യൂ വരുമാനം ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ കാലഘട്ടത്തിലെ ഓരോ മാസവും ശമ്പളം, അലവൻസുകൾ, നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങി ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബോർഡിന്റെ താൽക്കാലിക കണക്കനുസരിച്ച് 4/99 മുതൽ 1/2000 വരെ ലഭിച്ച റവന്യൂ വരുമാനത്തിന്റെ (ഡ്യൂട്ടി ഉൾപ്പെടെ) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ബോർഡിന്റെ താൽക്കാലിക കണക്കനുസരിച്ച് ഈ കാലയളവിൽ ഓരോ മാസവും, ശമ്പളം, അലവൻസുകൾ, നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങി ഓരോ ഇനത്തിലും ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

വല്ലപ്പാട് 110 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം

100 (2678) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ വലപ്പാട് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly